## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1326 — 21.03.2013-ലെ മറുപടിക്ക്

### വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. മുരളീധരൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). വട്ടിയൂർക്കാവ് ജംഗ്ഷന്റെയും ശാസ്തമംഗലം,പേരൂർക്കട, വഴയില എന്നിവിടങ്ങളിലേക്കുള്ള റോഡുകളുടെയും വികസനത്തിന് സ.ഉ.(സാ)138/2011/പി.ഡബ്ല്യൂ.ഡി തീയതി 22.01.2011, സ.ഉ(സാ)311/ 2011/ പി.ഡബ്ല്യൂ.ഡി തീയതി 23.2.2011 എന്നീ ഉത്തരവുകളെ അടിസ്ഥാനമാക്കി 2011-12 വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപയാണ് പ്രത്യേകമായി വകയിരുത്തിയിരുന്നത്; | (എ). 2011-12 കാലയളവിൽ ടി പ്രവൃത്തികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ചോദ്യത്തിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി യഥാക്രമം 145.00 കോടി, 9.65 കോടി രൂപ എന്നിങ്ങനെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി). പ്രസ്തുത പണികൾക്കായി നാഷണൽ ഗെയിംസ് നടത്തിപ്പ് ഫണ്ടിൽ നിന്ന് എത്ര രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ; | (ബി). പ്രസ്തുത പണികൾക്കായി നാഷണൽ ഗെയിംസ് നടത്തിപ്പ് ഫണ്ടിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല. |
| (സി). പ്രസ്തുക പണികളുടെ നിർവ്വഹണത്തിനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി). ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട് (നഗരവികസനം, ഐ.റ്റി., വ്യവസായം) വകുപ്പ് മന്ത്രിയുടെ ചേംബറിൽ, പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടേയും സ്ഥലം എം.എൽ.എ.-യുടേയും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ 08.02.2012-ൽ കൂടിയ അവലോകന യോഗ തീരുമാനമനുസരിച്ച് ടി പ്രവർത്തികൾക്ക് വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെയും ഭൂമി ഏറ്റെടുക്കുന്നതിന് ട്രിഡായെയും ഏൽപ്പിക്കാൻ തീരുമാനിച്ചു. പ്രസ്തുത പ്രവർത്തികളുടെ പുരോഗതി |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ.ജി.ഒ.(ആർ.റ്റി.) 1166/12, തീയതി 29.06.12 പ്രകാരം സ്ഥലം എം.എൽ.എ.-യെ ചെയർമാനാക്കി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. |
| **(ഡി).** | പ്രസ്തുത പണികൾ തലസ്ഥാന നഗരറോഡുവികസന പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടത്തുമോ യെന്നറിയിക്കുമോ ? | **(ഡി).** | നിലവിൽ ടി പണികൾ രണ്ടാം ഘട്ട നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേരളാ റോഡ് ഫണ്ട് ബോർഡിനെക്കൊണ്ട് (കെ.ആർ.എഫ്.ബി.) ചെയ്യിക്കുവാനും അലൈൻമെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെയും, ഭൂമി ഏറ്റെടുക്കുന്നതിന് ട്രിഡയെയും ചുമതലപ്പെടുത്തുവാൻ 22.02.2013-ൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനമായി. ടി യോഗത്തില് പ്രസ്തുത പണികൾ തലസ്ഥാന നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ